താക്കിയ കല്ലറയിൽ മറ്റൊരാളുടെ ശവം അടക്കിയതാണല്ലോ തിരുവനന്തപുരത്തു് കോടതിയിൽ കേസ്സിനു് ഇടവരുത്തിയതു്. ജർമനിയിൽ ഇത്തരം കേസ്സുകൾ ഉണ്ടായിട്ടില്ലെന്നു് ജോൺ ഏബ്രഹാം പറഞ്ഞു. ഉണ്ടായിട്ടുണ്ടെങ്കിൽ താൻ അറിയാതിരിക്കില്ല.

(24 ഫെബ്രുവരി, 1985)

# 77. ആനബാങ്ക്

ഒരു 'ആനബാങ്ക്' തുടങ്ങാൻ തമിഴ്നാട് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടത്രെ. തമിഴ്നാട്ടിലെ ചീഫ് ഫോറസ്റ്റ് കൺസർവേററർ ഏതാനും ദിവസംമുമ്പു പത്രക്കാരോടു പറഞ്ഞതാണു് ഈ വിവരം.

സാധാരണ ബാങ്കിൽ ഉണ്ടാവുക പണമാണല്ലോ. ആനബാങ്കിൽ ഉണ്ടാവുക ആനകളാണു്, ഇണങ്ങിയ ആനകൾ. സർക്കാർവക വനംവകുപ്പാണു് ആനബാങ്ക് നടത്തുക. ആവശ്യക്കാർക്കു് ആനബാങ്കിൽനിന്നു് ആനകളെ കടമെടുക്കാം. പലിശയായി നൽകേണ്ടതു് ആനകളെയല്ല, പണംതന്നെയാണു്.

ആർക്കാണു് ആനകളെ ആവശ്യമുണ്ടാവുക? ക്ഷേത്രങ്ങൾക്കു്. ക്ഷേത്രങ്ങളിലെ എഴുന്നെള്ളിപ്പിനു് ആനകൾ വേണമല്ലോ? തമിഴ്നാട്ടിലെ പല മഹാക്ഷേത്രങ്ങളും ഇപ്പോൾ ആനകളെ വളർത്തിവരുന്നുണ്ടു്. ക്ഷേത്രങ്ങൾ ആനകളെ വളർത്തുന്നതു തടയണമെന്നും, പകരം ആവശ്യത്തിനു് ആനകളെ ക്ഷേത്രങ്ങൾക്കു ലഭ്യമാക്കണമെന്നുമുള്ള ഉദ്ദേശ്യമാണു് ആനബാങ്ക് സ്ഥാപിക്കുന്നതിനു പിന്നിൽ

ക്ഷേത്രങ്ങൾ ആനകളെ പോററുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നു പറയുന്നതു ക്ഷേത്രങ്ങളോടു് എന്തെങ്കിലും വിരോധം ഉള്ളതുകൊണ്ടല്ല; മറിച്ചു് ആനകളോടുള്ള അനുകമ്പകൊണ്ടാണു്. ക്ഷേത്രോപജീവികളായ മനുഷ്യരുടെയെന്നപോലെ പരിതാപകരമാണു് ക്ഷേത്രങ്ങളിലെ ആനകളുടെ സ്ഥിതിയും.

ഭക്തന്മാർ വഴിപാടായി 'നടയിൽ ഇരുത്തുന്ന' ആനകളാണു ക്ഷേത്രങ്ങളിലുള്ളതു്. ഇങ്ങനെ ആനകളെ നടയിൽ ഇരുത്തുമ്പോൾ അവയ്ക്കു തീററ കൊടുക്കാൻ ആവശ്യമായ ഫണ്ടുകൂടി വഴിപാടായി ഭക്തന്മാർ നല്കണമെന്നതാണു് തമിഴ്നാട്ടിലെ ക്ഷേത്രങ്ങളിലെ നിയമം. പക്ഷേ, പലപ്പോഴും ഈ നിയമം ലംഘിക്കപ്പെടുകയാണു പതിവു്. ആനകൾക്കു നീക്കിവെക്കുന്ന ഫണ്ടു് അവയുടെ ചെലവിനു മതിയാവാറില്ല. നിശ്ചിതാവശ്യത്തിനായി ഫണ്ടു് ഉപയോഗപ്പെടുത്തുന്ന വഴക്കവും പലേടത്തുമില്ല. ഫലം ആനകൾ കഷ്ടത്തിലാവുന്നു.

മിക്ക ക്ഷേത്രങ്ങളും വലിയ നഗരങ്ങളിലാണു്. ആനകൾക്കു പെരുമാറാൻ വേണ്ട സ്ഥലം ഈ നഗരങ്ങളിലില്ല. തകരത്തകിടുകൊണ്ടോ ആസ്ബസ്റ്റോസ്കൊണ്ടോ നിർമിച്ച ചെറിയഷെഡ്ഡുകളിൽ ഈ ആനകളെ തളയ്ക്കുന്നു. പുറത്തും കാലുകളിലും കനത്ത ഇരുമ്പു ചങ്ങലകൾ പേറി അവ കൊടിയചൂടിൽ ദിവസങ്ങൾ കഴിച്ചുകൂട്ടേണ്ടിവരുന്നു. മനുഷ്യർക്കു കുടിക്കാൻതന്നെ വേണ്ടത്ര വെള്ളമില്ലാത്തപ്പോൾ ആനകൾക്കു കുളിക്കാൻ വെള്ളം കിട്ടുന്നില്ലെന്നു പറയേണ്ടതില്ല. കുളിക്കാത്ത ആനയുടെ മർമം പിളർക്കുന്ന കെട്ടുകററിയുടെ വേദനയെപ്പററി മഹാകവി കാളിദാസൻ ഒരി

ടത്തു പറയുന്നുണ്ട്. മിക്ക ക്ഷേത്രങ്ങളിലെയും ആനകൾ ജീവപര്യന്തം ഈ വേദന പേറാൻ വിധിക്കപ്പെട്ടിരിക്കുന്നു.

സഹിക്കാനാവാത്ത യാതനപേറി ജീവിക്കുന്ന ആനകൾക്ക ചില പ്പോൾ ഭ്രാന്തുപിടിക്കുന്നു. കൊമ്പനാനകൾക്ക് ആണ്ടിലൊരിക്കലോ മറ്റോ ഉണ്ടാവുന്ന ഒരു പ്രതിഭാസമാണു മദം. ഈ സമയത്ത്, സ്വബോധം നശിച്ച ആന എന്തെങ്കിലും ചെയ്യെന്നിരിക്കും. മനുഷ്യർക്ക് അല്പ സ്വല്പം ധനനഷ്ടവും, അപൂർവം ചിലപ്പോൾ ജീവഹാനിയും, ആനസ്സ് അവസാനമില്ലാത്ത മർദനവും മററു പീഡനങ്ങളുമാവും ഇതിന്റെ ഫലം.

ഇതൊക്കെ സഹിക്കാമെന്നുവെക്കുക. സഹിക്കാൻ വയ്യാത്തത്. പോക്കണംകെട്ട വേലകൾക്ക പാപ്പാന്മാർ ആനകളെ നിയോഗിക്കുന്നതാണ്. പാപ്പാന്മാർക്ക ശമ്പളം കുറവാണ്. വരുമാനത്തിലുള്ള കുറവ് ആനകളെ ഉപയോഗിച്ചു നികത്താൻ പാപ്പാന്മാർ ശ്രമിക്കുന്നതിൽ അസാധാരണമായി ഒന്നുമില്ല. ക്ഷേത്രങ്ങളിലെ കൊമ്പനാനകൾ തെരുവിൽ നടന്നു പിച്ചയെടുക്കുന്നതു തമിഴ്നാട്ടിൽ എങ്ങും കാണാവുന്ന ഒരു കാഴ്ചയാണ്. കടതോറും, വീടുതോറും, ചെന്ന് അവ കൈ നീട്ടി ഇരക്കുന്നു. തുമ്പിക്കൈയിന്റെ തുളയിലേക്ക നിങ്ങൾ ഇട്ടുകൊടുത്ത ചെറുനാണയം, കഴുത്തിലിരിക്കുന്ന പാപ്പാനു ശ്രദ്ധയോടെ എത്തിച്ചുകൊടുക്കുന്നു. നിങ്ങളെ തുമ്പിക്കൈകൊണ്ടു സലാംവെക്കുന്നു. വേണമെങ്കിൽ നിങ്ങളുടെ മുമ്പിൽ കുത്തിയിരിക്കുന്നു. നൃത്തംവെക്കുന്നു. ഉത്സവസമയത്തു സ്വർണ്ണ നെററിപ്പട്ടം കെട്ടി, ഉയർത്തിയ തലയിൽ ദേവന്റെ ബിംബം വഹിച്ച്, വലിയ ചെവികൾ താളത്തിലാട്ടി, പ്രകൃതിയുടെ സഹജമായ ഗൗരവത്തിന്റെയും അന്തസ്സിന്റെയും പ്രതീകമായി നിൽക്കുന്ന കൊമ്പനാനയെക്കൊണ്ടാണ് പാപ്പാൻ ഈ കോപ്രായങ്ങളെല്ലാം കാണിപ്പിക്കുന്നത്. അതും ഏതാനും അല്പമിനിയത്തുട്ടുകൾക്കവേണ്ടി!

ആനബാങ്ക് ഇതിനൊക്കെ പരിഹാരമുണ്ടാക്കും. ഉത്സവം കഴിഞ്ഞാൽ ആനകൾക്ക കാടുകളിലേക്ക തിരികെപ്പോകാം. അവിടെ സ്വാഭാവികമായ പരിസരത്തിൽ അവസ്സ് സുഖമായി ജീവിക്കാം. വീണ്ടും തങ്ങളെക്കൊണ്ട് ആവശ്യമുണ്ടാകുമ്പോൾ, ക്ഷേത്രങ്ങളിലേക്ക തിരിച്ചു വരാം. സർക്കാർവക ആനകൾ മാത്രമല്ല ആനബാങ്കിൽ ഉണ്ടായിരിക്കുക. വ്യക്തികൾക്കും ക്ഷേത്രങ്ങൾ മുതലായ സ്ഥാപനങ്ങൾക്കും തങ്ങളുടെ ആനകളെ ആനബാങ്കിൽ 'നിക്ഷേപിക്കാം.' ക്ഷേത്രങ്ങളിലും മററും സ്വപ്നംകാണാൻകൂടി സാധിക്കാത്ത ദാമ്പത്യസൗഭാഗ്യം ആനബാങ്കിലെ ആനകൾക്ക വനങ്ങളിൽ ലഭിക്കുന്നു. അതോടെ, റൗഡികൾ എന്നു ദുഷ്പ്പേരു നേടിയ ആനകൾപോലും മര്യാദക്കാരായി മാറുകയും പ്രയോജനപ്രദമായ ജീവിതം നയിക്കുകയും ചെയ്യുന്നു. മദ്രാസ്നഗരത്തിലെ പാർത്ഥസാരഥിക്ഷേത്രത്തിലുള്ള 'മോഹൻ' എന്ന ആന മദമിളകി തെരുവുകളിലൂടെ ഓടി പലതവണ പത്രവാർത്തകൾ സൃഷ്ടിക്കുകയുണ്ടായി. ഇപ്പോൾ 'മോഹനെ'ക്കൊണ്ട് യാതൊരു ശല്യവുമില്ല. അവൻ വനംവകുപ്പുകാരുടെ സംരക്ഷണത്തിനു കീഴിൽ ഗിണ്ടി നാഷണൽ പാർക്കിൽ, അന്തസ്സോടെ, അനുസരണയോടെ, കാഴ്ചക്കാരുടെയെല്ലാം അരുമയായി, സസുഖം ജീവിച്ചുവരുന്നു.

തമിഴ്നാടിന്റെ ഈ സംരംഭം കേരളത്തിനും അനുകരണീയമാണ്. നമുക്കും ആവാം നല്ല ഒരു ആനബാങ്ക്. വനംവകുപ്പിനു കീഴിൽ നടത്തുന്ന ഈ ആനബാങ്കിൽ, ആനകൾക്ക പര്യാപ്തമായ ഭക്ഷണവും സംരക്ഷണവും ലഭ്യമാക്കാം. പ്രകൃത്യനുസൃതജീവിതം നയിക്കാൻ ഈ നിർഭാഗ്യജീവികൾക്ക സൗകര്യമുണ്ടാക്കാം. അതോടൊപ്പം ആനകളെക്കൊണ്ടു നിർവ

ഹിക്കേണ്ട ആവശ്യങ്ങരം ഇന്നത്തെക്കാരം എളുപ്പത്തിലും സുലഭമായും നിർവഹിക്കുകയുമാവാം.

വംശനാശം എന്ന വിപത്തിൽനിന്ന് ആനകളെ സംരക്ഷിക്കാനും ഈ ഏർപ്പാട് ഉപകരിക്കും. കേരളത്തിൽ ഈ അടുത്ത വർഷങ്ങളിലായി ആനകളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണെന്നു പ്രസ്താവിച്ചുകണ്ടു. ഇതു ശരിയാണെന്നു തോന്നുന്നില്ല. വിശ്വസനീയമായ പ്രഭവങ്ങളിൽ നിന്നു കിട്ടുന്ന അറിവ് മററു സ്റ്റേററുകളിലെന്നപോലെ കേരളത്തിലും ആനകളുടെ എണ്ണം ആണ്ടോടാണ്ടു കുറഞ്ഞുവരികയാണെന്നത്രേ.

ഇന്ത്യയിൽ ആകെയുള്ളതു് പതിനയ്യായിരത്തോളം ആനകരം ആണ്. ഇവയിൽ എണ്ണായിരത്തോളം ആനകരം പശ്ചിമഘട്ടത്തിൽ, തമിഴ്നാട്, കേരളം, കർണാടകം എന്നീ സ്റ്റേററുകളിലായി ജീവിക്കുന്നു. കൊമ്പുകരംക്കുവേണ്ടി നടത്തുന്ന കള്ളവേട്ട ഈ ആനകരംക്ക് വലിയ ഭീഷണിയായിരിക്കുകയാണ്. ഇന്ത്യൻ ആനക്കൊമ്പിനു് അറബിനാടുകളിൽ വലിയ പ്രിയമാണത്രെ. അതിനാൽ, ആനകളെ കൊന്നു് കൊമ്പു് എടുത്തു കളവായി കടത്തിക്കൊണ്ടുപോകുന്നതിനു വിപുലവും സുസംഘടിതവുമായ ഒരു അന്തസ്സംസ്ഥാനകള്ളവേട്ടസംഘം ഇവിടെ പ്രവത്തിച്ചുവരുന്നുണ്ടു്. ഒരു കിലോഗ്രാം ആനക്കൊമ്പിനു് ഇപ്പോരം 1500 രൂപ വിലയുണ്ടു്. വളന്ന ഒരാനയുടെ കൊമ്പിനു് ഇരുപത്തഞ്ചു കിലോഗ്രാമെങ്കിലും തൂക്കംകാണും—നാല്പതിനായിരം രൂപയോളം വിലയും. തമിഴ്നാട്ടു് വനംവകപ്പിനു് സത്യമംഗലം കാടുകളിൽനിന്നു് ഈയിടെ കിട്ടിയ ഒരു ജോടി കൊമ്പിനു് എഴുപതു കിലോഗ്രാം തൂക്കമുണ്ടായിരുന്നു. ഇതിനു് ഒരുലക്ഷത്തി അയ്യായിരം രൂപ വിലകിട്ടാൻ ഒരു പ്രയാസവുമില്ല.

കൊമ്പിന്റെ ഈ വിലക്കൂടുതൽനിമിത്തം കാടുകളിൽ കൊമ്പനാനകളുടെ ജീവനു് ഇപ്പോരം ഒരു രക്ഷയുമില്ല. ഒരു ആനയെ കൊന്ന കള്ളവേട്ടക്കാരനു് പതിനായിരം രൂപവരെ പിഴയും ആറുമാസംവരെ തടവുശിക്ഷയും നൽകാം. പക്ഷേ, ഏതെങ്കിലും സ്റ്റേററ് ഗവണ്മെൻറു് ഇത്തരം ശിക്ഷ ആർക്കെങ്കിലും നൽകിയിട്ടുള്ളതായി കേട്ടുകേരംവിപോലുമില്ല. കള്ളവേട്ടയ്ക്കു പുറമെ അനധികൃതമായ കടിയേററവും ആനകളുടെ ആവാസവ്യവസ്ഥയെ അപകടപ്പെടുത്തിയിരിക്കുകയാണ്.

1983–ഏപ്രിൽ മാസത്തിൽ എടുത്ത ഒരു കണക്കനുസരിച്ചു് തമിഴ്നാട്ടിൽ ആകെ 2179 ആനകളേ ഉണ്ടായിരുന്നുള്ളു. 1979–ൽ തമിഴ്നാട്ടിൽ 2994 ആനകരം ഉണ്ടായിരുന്നു. അതായതു് നാലുവർഷംകൊണ്ടു് അവിടെ ആനകളുടെ എണ്ണത്തിൽ എണ്ണൂററിപ്പതിനഞ്ചു് കുറവു വന്നു. ഈ കുറവു് ഏററവുമധികം ദോഷകരമായി ബാധിച്ചതു് കൊമ്പനാനകളെയാണ്. 1979–ൽ 768 കൊമ്പനാനകളുണ്ടായിരുന്ന തമിഴ്നാട്ടിൽ 1983–ൽ 447 കൊമ്പനാനകളേ ഉണ്ടായിരുന്നുള്ളു.

മൂന്നു വർഷംകൊണ്ടു് അവിടെ കൊമ്പനാനകളുടെ എണ്ണം ഏതാണ്ടു് പകുതിയായിച്ചുരുങ്ങി.

1983–ൽ കേരളത്തിൽ 2865 ആനകളും കർണാടകത്തിൽ 3579 ആനകളുമാണുണ്ടായിരുന്നതു്. കള്ളവേട്ടനിമിത്തം കൊമ്പനാനകളുടെ എണ്ണം കണക്കററു ചുരുങ്ങിപ്പോയ കേരളത്തിലെ തേക്കടിയിൽ നാല്പത്തഞ്ചു പിടിയാനകരംക്കു് ഒരു കൊമ്പനാനയേ ആ ആണ്ടിൽ ഉണ്ടായിരുന്നുള്ളു. തമിഴ്നാട്ടിലെ കമ്പം താഴ്വരയിലും ഇതുതന്നെയായിരുന്നു സ്ഥിതി.

തേക്കടിയിലെ കള്ളവേട്ടയ്ക്കു് ഒരു ഉദാഹരണം പറയാം. ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ജോയിൻറ് ഡയറക്ടർ ഡോ. എൻ. സി. നായർ രണ്ടു വർഷംമുമ്പു് ഉത്തരേന്ത്യയിലെ ഏതാനും സസ്യശാസ്ത്ര

ജ്ഞരുമൊത്തു് തേക്കടിയിലെ കാടുകളിൽ ഒരു പഠനപര്യടനം നടത്തുകയായിരുന്നു. പെട്ടെന്നു്, കള്ളവേട്ടക്കാരുടെ ഒരു വലിയ സംഘം അവരെ വന്നു വളഞ്ഞു ഇരുനൂറോളം ആളുകളുണ്ടായിരുന്ന ഈ കള്ളവേട്ട സംഘത്തിൽ മിക്കവരും കാക്കിയൂണിഫോറം ധരിച്ചിരുന്നു.

അവരുടെ കൈയിൽ അത്യാധുനികങ്ങളായ തോക്കുകളുമുണ്ടായിരുന്നു. തങ്ങൾ വനംവകുപ്പുദ്യോഗസ്ഥരല്ലെന്നു് ഈ കള്ളവേട്ടസംഘത്തെ ബോദ്ധ്യപ്പെടുത്തുവാൻ ഡോ. നായർക്കും കൂട്ടർക്കും വളരെ പാടുപെടേണ്ടി വന്നു. ജീവനുംകൊണ്ടു രക്ഷപ്പെട്ടതു് തങ്ങളുടെ മഹാഭാഗ്യമായിരുന്നുവെന്നാണു് ഇതിനെപ്പററി പിന്നീടു് ഡോക്ടർ നായർ പറഞ്ഞതു്. ഇതാണു് കേരളത്തിലെ കാടുകളിലെ നില

കൊമ്പാണു് ആനയുടെ ഗാംഭീര്യത്തിനു നിദാനം. പക്ഷേ, എല്ലാ ആണാനകൾക്കും കൊമ്പില്ല. കൊമ്പില്ലാത്ത ആനയെ 'മോഴ' എന്നു പറയുന്നു. കൊമ്പില്ലായ്മ ഒരു പാരമ്പര്യലക്ഷണമാണു്. അതായതു് മോഴകളുടെ കുഞ്ഞുങ്ങളും മോഴകളാവാനാണു സാദ്ധ്യത. കൊമ്പനാനകളെ വേട്ടയാടി നശിപ്പിക്കുമ്പോൾ, മോഴകളുടെ സന്താനോല്പാദനസാദ്ധ്യത വർദ്ധിക്കുന്നു. ഇതിൻഫലമായി ഒരു പ്രദേശത്തുള്ള ആണാനകൾ മുഴുവൻ മോഴകളായി മാറിക്കൂടെന്നില്ല. സിലോണിൽ ഏറെക്കുറെ ഇതു സംഭവിച്ചിരിക്കുകയാണു്. ഈ പരിതാപകരമായ നിലമാററുന്നതിനും, സിലോണിൽ പിറക്കുന്ന ആനക്കുട്ടികളിൽ 'കൊമ്പൻ'മാരുടെ അനുപാതം വർദ്ധിപ്പിക്കുന്നതിനുമായി ഇന്ത്യയിൽനിന്നു് ഏതാനും കൊമ്പനാനകളെ വാങ്ങി സിലോൺ കാടുകളിൽ വിടുന്നതിനുള്ള ആലോചന നടന്നുവരുന്നുണ്ടു്. ദക്ഷിണേന്ത്യയിലെ ആനകൾക്കിടയിലും കൊമ്പന്മാർ അപൂർവജീവികളായി മാറുന്നതു തടയാൻ കള്ളവേട്ട അടിയന്തിരമായി നിരോധിക്കേണ്ടിയിരിക്കുന്നു.

ആനബാങ്ക് ഒരളവോളം ഈ ദുഃസ്ഥിതിക്കു പരിഹാരമായിരിക്കും. ക്ഷേത്രങ്ങളിലെ വലിയ കൊമ്പനാനകളെ ആണ്ടിൽ ഏതാനും മാസത്തോളം കാടുകളിൽ പാർപ്പിക്കുമ്പോൾ, അവയുടെ സന്താനങ്ങൾ കാടുകളിൽ പിറന്നു വളരാൻ സാദ്ധ്യതയുണ്ടു്. പരേതനായ ഗുരുവായൂർ കേശവനെപ്പോലെയുള്ള ഒരു കൊമ്പനു്, അവൻ ജീവിച്ചതു കാട്ടിലായിരുന്നുവെങ്കിൽ, നൂറോ ഇരുനൂറോ സന്താനങ്ങളുണ്ടാകാൻ യാതൊരു പ്രതിബന്ധവുമില്ലായിരുന്നു. ഗുരുവായൂർ ക്ഷേത്രപരിസരത്തിലെ നിർബന്ധിത ബ്രഹ്മചര്യം ഈ ഗജവീരൻ എങ്ങനെ സഹിച്ചുവോ! ഏതായാലും, ഈ ബ്രഹ്മചര്യത്തിന്റെ ഫലമായി നമ്മുടെ വന്യജീവിസമ്പത്തിൽ വമ്പിച്ചൊരു നഷ്ടം ഉണ്ടായിട്ടുണ്ടെന്നതിൽ യാതൊരു സംശയവും എനിക്കില്ല.

കേരളത്തിലും ഒരു ആനബാങ്ക് തുടങ്ങുന്ന കാര്യം കേരളസർക്കാർ ഗൗരവമായി ചിന്തിച്ചാൽ കൊള്ളാം.

(25 മെയ്, 1984)